പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1554

10.02.2020-ൽ മറുപടിക്ക്

## തദ്ദേശ സ്ഥാപനങ്ങളുടെപദ്ധതി വിഹിതത്തിൽ ഭിന്നശേഷിക്കാർക്കായി നീക്കിവച്ചിട്ടുള്ള തുക ചെലവഴിക്കൽ

| ചോദ്യം | മറുപടി |
|---|---|
| ഡോ.എൻ. ജയരാജ് | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) തദ്ദേശ സ്ഥാപനങ്ങൾക്കായി അനുവദിക്കുന്ന ബജറ്റ് വിഹിതത്തിൽ ഭിന്നശേഷിക്കാർക്കായി വകയിരുത്തിയിട്ടുള്ള തുകയുടെ ചെലവഴിക്കൽ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുവിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവർക്കായി വകയിരുത്തണം |
| ബി) 2019-20 സാമ്പത്തികവർഷത്തിൽ പദ്ധതി തുകയുടെ എത്രശതമാനമാണ് പ്രസ്തുത വിഭാഗത്തിനായി നീക്കി വച്ചിരുന്നത്; അതിൽ എത്ര ഭാഗം ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; അതത് തദ്ദേശ സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | ബി) 2019-20 സാമ്പത്തികവർഷത്തിൽ പ്രസ്തുത വിഭാഗത്തിനായി നീക്കി വച്ച തുക, ചെലവഴിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു. |

| തദ്ദേശ സ്ഥാപനം | നീക്കിവച്ചിട്ടുള്ള തുക (കോടിയിൽ) | പദ്ധതി തുകയുടെ % | ചെലവഴിച്ച തുക |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 51.28 | 1.48 | 25.51 (49.76%) |
| ജില്ലാ പഞ്ചായത്ത് | 20.15 | 2.16 | 6.17 (30.63%) |
| ബ്ലോക്ക് പഞ്ചായത്ത് | 24.05 | 2.57 | 36.52% |
| നഗരസഭ/ കോർപ്പറേഷൻ | 18.5 | 1 | 6.64 (36%) |

| | |
|---|---|
| സി) സർക്കാർ കർശന നിർദേശം നൽകിയിട്ടും ഭിന്നശേഷിക്കാർക്കായി നീക്കിവച്ചിട്ടുള്ള തുക ചെലവഴിക്കാത്ത തദ്ദേശ സ്ഥാപനങ്ങളുടെ അടുത്ത വർഷത്തെ മറ്റ് പദ്ധതികൾക്കുള്ള വിഹിതവും വെട്ടിച്ചുരുക്കാൻ നടപടി സ്വീകരിക്കുമോ; ബന്ധപ്പെട്ട | സി) പഞ്ചായത്തുകളിൽ തന്നെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ്, ബത്ത എന്നിവ നൽകുന്നതിനായി ഒരു കുട്ടിക്ക് ശരാശരി 22,000/- രൂപ മുതൽ 28,000/- രൂപ വരെ നൽകേണ്ടി വരും. ഫണ്ടിന്റെ അപര്യാപ്തത കാരണം പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പൂർണ്ണമായ |

| | |
|---|---|
| ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; | തുക നൽകാൻ സാധിക്കുന്നില്ല. ആയതിനാൽ തദ്ദേശ സ്ഥാപനങ്ങളുടെ അടുത്ത വർഷത്തെ മറ്റ് പദ്ധതികൾക്കുള്ള വിഹിതവും വെട്ടിച്ചുരുക്കുന്നതും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതും ഇപ്പോൾ പരിഗണനയിലില്ല. |
| ഡി) ഇപ്പോൾ ഏകീകൃത നിരക്കിൽ ഭിന്നശേഷിക്കാർക്കായി തുക അനുവദിക്കുന്നതിന് പകരം അതത് തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ ജീവിക്കുന്ന ഭിന്നശേഷിക്കാരുടെ എണ്ണത്തിന് ആനുപാതികമായി പദ്ധതി വിഹിതം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) അതത് തദ്ദേശ സ്ഥാപനങ്ങൾ തങ്ങളുടെ പരിധിയിൽ ജീവിക്കുന്ന ഭിന്നശേഷിക്കാരുടെ എണ്ണത്തിന് ആനുപാതികമായി തുക വകയിരുത്തുകയാണ് ചെയ്യുന്നത്. പദ്ധതി വിഹിതത്തിന്റെ 5% എന്നുള്ളത് കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവർക്കായി ആകെ വകയിരുത്തിയിരിക്കേണ്ട ഏറ്റവും കുറഞ്ഞ തുകയാണ്. ഇതിന് ഉപരിയായി എത്ര തുക വേണമോ തദ്ദേശ സ്ഥാപനത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് വകയിരുത്താവുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ